# <u>സമ്പൂർണ്ണ ഭവന സന്ദർശന പ്രഖ്യാപനം</u>




സംസ്ഥാന തലത്തിൽ ആദ്യമായി സംമ്പൂർണ ഭവന സന്ദർശനം പൂർത്തിയാക്കിയ സബ് ഡിവിഷനായി പാലായെ പ്രഖ്യാപിക്കുന്ന ചടങ്ങ് **20.10.2017 വെള്ളിയാഴ്ച പകൽ 3.30 ന് പാലാ പോലീസ് സ്റ്റേഷൻ അങ്കണത്തിൽ** വച്ച് ബഹു.കേരളാ മുഖ്യമന്ത്രി **ശ്രീ.പിണറായി വിജയൻ** നിർവഹിച്ചിട്ടുള്ളതാണ്. എല്ലാ ഭവനങ്ങളും സന്ദർശിച്ചതിലൂടെ ജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ മനസിലാക്കുന്നതിനും സാമൂഹിക വിരുദ്ധരെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുള്ളതുമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപെട്ടിട്ടുള്ളതുമാണ്. ഈ പദ്ധതി സംസ്ഥാനതലത്തിൽ അതിവേഗതയിൽ പൂർത്തിയാക്കേണ്ടതുണ്ടെന്നും കുടാതെ ഒരു സ്ത്രീയോട് മറ്റൊരു സ്ത്രീ തുറന്ന് പറയുന്ന കാര്യങ്ങൾ പുരുഷപോലീസിനോട് പറയുന്നതിൻ ബുദ്ധിമുട്ട് ഉണ്ടാകുമെന്നും അതിന് സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഒരു പൊതുസ്ഥലത്ത് വനിതാ പോലീസ് എത്തി സ്ത്രികളുടെ പരാതികൾ കേൾക്കുന്നതിനു വേണ്ട സംവിധാനം പ്രാവർത്തികമാക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

ഈ ചടങ്ങിൽ പങ്കെടുത്ത അഥിതികൾക്ക് സംസ്ഥാന പോലീസ് മേധാവി **ശ്രീ.ലോക്നാഥ് ബെഹ്റ IPS** സ്വാഗതം പറഞ്ഞിട്ടുള്ളതും **ശ്രീ കെ.എം മാണി എം.എൽ.എ** അദ്ധ്യക്ഷത വഹിച്ചിട്ടുള്ളതും, ജോസ് കെ മാണി എം.പി, ശ്രീ വി.എൻ വാസവൻ Ex MLA, ദക്ഷിണ മേഖലാ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ **Dr. ബി. സന്ധ്യ IPS,** ജില്ലാ പോലീസ് മേധാവി ശ്രീ വി.എം മുഹമ്മദ് റഫീക്ക് **IPS,** പാലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ വി.ജി വിനോദ് കുമാർ നഗരസഭാ അദ്ധ്യക്ഷ ശ്രീമതി ലീനാ സണ്ണി, സി.എം.ഐ കോർപ്പറേറ്റ് മാനേജർ ഫാദർ സാബു കൂടപ്പാട്ട്, പാലാ ബ്രില്ല്യന്റ് സ്റ്റഡി സെന്റർ ഡയറക്ടർ ശ്രീ സെബാസ്റ്റ്യൻ ജി മാത്യൂ, നാർകോട്ടിക് സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ കെ.എം സജീവ്, കെ.പി.ഒ.എ സംസ്ഥാന ജെയിന്റ് സേക്രട്ടറി പേജി കെ നായർ, കെ.പി.എ ജില്ലാ പ്രസിഡന്റ് ശ്രീ സലീം കുമാർ തുടങ്ങിയവർ ആശംസകൾ നേർന്നിട്ടുള്ളതാണ്.